

# മഹാപരിശുദ്ധനായ മഞ്ഞനിക്കര ബാവ

MOR ADAI STUDY CENTRE



മലങ്കരസഭയിലെ സമാധാന സംസ്ഥാപനത്തിനു വേണ്ടി സ്വയം ബലിയായി അർപ്പിച്ച് മഞ്ഞനിക്കരക്കുന്നിൽ അന്ത്യവിശ്രമം കൊള്ളുന്ന അന്ത്യോഖ്യാ സിംഹാസനാധിപതി മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ജീവിതവും കാലഘട്ടവും മലങ്കര സഭാമക്കൾക്ക് എന്നും മാതൃകയും ആവേശവും നൽകുന്നതാണ്. വിശുദ്ധിയുടെ നിറകുടമായ ആ പുണ്യ കബറിടം അനേകായിരങ്ങൾക്ക് ആശ്വാസവും സമാധാനവും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. ലോകത്താകമാനം പരിശോധിച്ചാൽ പോലും മറ്റൊരിടത്തും കാണുവാൻ സാധ്യമല്ലാത്തവിധം ആ കബറിങ്കലേക്ക് നടക്കുന്ന പദയാത്രാ തീർത്ഥാടനം ജനപങ്കാളിത്തത്തിലും സാമൂഹിക സഹകരണത്തിലും അനന്യമാണ്. ഏതുവിധത്തിലും സവിശേഷ പ്രാധാന്യമർഹിക്കുന്ന ആ ധന്യജീവിതത്തെക്കുറിച്ച് ആ മഹാവിയോഗ കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട രണ്ട് ജീവചരിത്ര ഗ്രന്ഥങ്ങളും സമകാലിക പ്രസിദ്ധീകരണമായിരുന്ന 'സുറിയാനി സഭാ സന്ദേശം'മാസികയിൽ വന്ന ചില കുറിപ്പുകളും സംശോധനം ചെയ്ത സമാഹരണമാണ് ഈ കൃതി. ആ വിശുദ്ധ ജീവിതത്തെ മനസ്സിലാക്കുവാനും അദ്ദേഹം ജീവിച്ച കാലഘട്ടത്തിലൂടെ ഒന്നു കൂടി സഞ്ചരിക്കുവാനും ഈ ഗ്രന്ഥം പ്രയോജനപ്പെടും.

മോർ ആദായി സ്റ്റഡി സെന്റർ
ചീരംചിറ, ചങ്ങനാശേരി.